# നിർദ്ധന കുടുംബത്തിന് സഹായഹസ്തവുമായി മൂവാറ്റുപുഴ പോലീസ്- "കടമ 2017" തുടർച്ച

മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലുള്ളതും, സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ വീടുപണിയുന്നതിന് യാതൊരുവിധ ആനുകൂല്യവും ലഭിക്കാത്തതും, സ്വന്തമായി വീടുവയ്ക്കുന്നതിന് സ്ഥലമുള്ളതും എന്നാൽ ആയതിന് സാമ്പത്തികമായി കഴിവില്ലാത്തതുമായ വാളകം വില്ലേജ്, റാക്കാട് ഓലിക്കച്ചിറ ഭാഗത്തുള്ള നിർദ്ധനനായ കുളങ്ങാട്ടുകുഴിയിൽ രാജൻെറ കുടുംബത്തിന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ നൽകാൻ ഉദ്ദേശിക്കുന്ന പ്രസ്തുതവീടിൻെറ ശിലാസ്ഥാപന കർമ്മം **( കടമ 2017 തുടർച്ച )** ഇന്ന് ( 31 08 2017 തീയതി ) രാവിലെ 10.30 മണിക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ്സ് അവർകൾ നിർവ്വഹിച്ചു.

തദവസരത്തിൽ മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ.ബിജുമോൻ, മൂവാറ്റുപുഴ പോലീസ് ഇൻസ്പെക്ടർ ശ്രീ. സി.ജയകുമാർ, മൂവാറ്റുപുഴ ജനമൈത്രി പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. ജി.പി.മനുരാജ്, ജനമൈത്രി സി.ആർ.ഓ ശ്രീ. എം.എം.അബ്ദുൾ റഹിമാൻ, വാളകം പഞ്ചായത്ത് പ്രസിഡൻറ് ലീല ബാബു, റാക്കാട് വാർഡ് മെമ്പർ മദനൻ, പോലീസ് അസ്സോസിയേഷൻ പ്രതിനിധികളായ സുരേഷ് കുമാർ, സേതുകുമാറും മറ്റ് പോലീസ് ഉദ്യോഗസ്ഥരും, വിവിധ മാധ്യമ പ്രവർത്തകരും ഉൾപ്പെടെ 150 പേരോളം സന്നിഹിതരായിരുന്നു.